ഉത്തരം

(എ&ബി) ജസ്റ്റീസ് ഖാദർ കമ്മീഷൻ എന്നൊരു കമ്മീഷൻ രൂപീകരിച്ചിട്ടില്ല. റിട്ടയേർഡ് ജസ്റ്റീസ് ഖാദർ സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷന്റെ ചെയർമാനായിരുന്നു. ഈ കമ്മീഷൻ വിവിധ പിന്നോക്ക വിഭാഗങ്ങളെ പിന്നോക്ക വിഭാഗ ലിസ്റ്റിൽപ്പെടുത്തണമെന്ന ആവശ്യം പരിശോധിച്ച്, ഇത്തരം 18 കേസ്സുകളിൽ സർക്കാരിന് ശുപാർശ സമർപ്പിച്ചിരുന്നു.

(സി-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ

110 (111) ശ്രീ. ടി. എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ ഉൾപ്പെടെയുള്ള സംവരണ പ്രശ്നങ്ങളിൽ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റിട്ടയേർഡ് ജസ്റ്റീസ് നരേന്ദ്രനെ നിയമിച്ചത് കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് പ്രകാരമാണോ ; അല്ലെങ്കിൽ കാരണമെന്ത് ;

(ബി) ജസ്റ്റീസ് നരേന്ദ്രനെത്തന്നെ പൊതുമേഖലാസ്ഥാപനങ്ങളിലും സർക്കാർ സർവ്വീസിലും പിന്നോക്ക സമുദായങ്ങൾക്കുള്ള പ്രാതിനിധ്യത്തെ കുറിച്ച് പഠിക്കാനുള്ള കമ്മീഷന്റെ അദ്ധ്യക്ഷനാക്കിയിട്ടുണ്ടോ ;

(സി) നിയമനത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് ജസ്റ്റീസ് നരേന്ദ്രൻ സർക്കാരിന് എന്തെങ്കിലും കത്തുകൾ അയച്ചിട്ടുണ്ടോ ;

(ഡി) വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുള്ള ഒരു വിഷയത്തെ സംബന്ധിച്ച് നിയമിക്കപ്പെടുന്ന ഒരു കമ്മീഷൻ എക്സിക്യൂട്ടീവ് ഉത്തരവ് വഴി നിയമിക്കപ്പെടാൻ ആവശ്യമായ രേഖകൾ വരുത്തുന്നതിനും സാക്ഷികളെ അമൾ ചെയ്യുന്നതിനും സാധിക്കുകയില്ല എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അല്ല. പിന്നോക്ക സമുദായങ്ങളുടെ പ്രാതിനിധ്യം പരിശോധിക്കാൻ നിയമിക്കപ്പെട്ട കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് പ്രകാരമാണ് നിയമിക്കപ്പെട്ടിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) ഇക്കാര്യങ്ങളിൽ കമ്മീഷന്റെ നടപടികൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുള്ളതായി അറിയിച്ചിട്ടില്ല. കമ്മീഷന്റെ എന്തെങ്കിലും നിർദ്ദേശം ലഭിച്ചാൽ അക്കാര്യം പരിശോധിക്കുന്നതാണ്. വിവിധ സർവീസുകളിൽ പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജസ്റ്റീസ് നരേന്ദ്രൻ ചെയർമാനായി നിയമിച്ചിട്ടുള്ള മൂന്നംഗ കമ്മീഷൻ എൻക്വയറി കമ്മീഷൻ ആക്ട് പ്രകാരമാണ് നിയമിക്കപ്പെട്ടത്.

നെടുമ്പാശ്ശേരി വിമാനത്താവളത്തിന് രാജ്യാന്തര പ്രൗഡി

111 (112) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമ്പാശ്ശേരി വിമാനത്താവളം രാജ്യാന്തര വിമാനത്താവളത്തിന് ഉതകുന്നതാണോ എന്നു നിശ്ചയിക്കുന്നതിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ നേരിട്ട് പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(ബി) കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിക്ക് ഇതിനായി ശുപാർശ സമർപ്പിച്ചതായി അറിയുമോ ;

(സി) ഗൾഫിൽ നിന്നും യൂറോപ്പിൽ നിന്നും നെടുമ്പാശ്ശേരിയിലേയ്ക്ക് നേരിട്ടുള്ള എയർലൈൻ സർവീസുകൾ നടത്തുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഗൾഫ്, യൂറോപ്യൻ വിമാനകമ്പനികൾ നെടുമ്പാശ്ശേരിയിലേക്ക് നേരിട്ട് സർവ്വീസുകൾ നടത്തിയാൽ മുംബൈ വിമാനത്താവളത്തിനെ അത് ദോഷകരമായി ബാധിക്കും എന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കേന്ദ്ര വ്യോമയാന വകുപ്പിന്റെ ശുപാർശ ബന്ധപ്പെട്ട മന്ത്രി രാജ്യാന്തര പദവി നൽകണമോയെന്നതു പരിശോധിക്കുന്നതിന് ടാസ്ക് ഫോഴ്സിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം എടുത്തതായി അറിയുമോ ; ഇത് സംസ്ഥാനത്തിനു ദോഷം ചെയ്യുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(എഫ്) ഇക്കാര്യത്തിൽ ഒരു സർവ്വകക്ഷി നിവേദക സംഘത്തെ കേന്ദ്രത്തിലയക്കുന്നതിനു സർക്കാർ നടപടി സ്വീകരിക്കുമോ ;

(ജി) രാജ്യാന്തരപദവി നേടുന്നതിനു കേരളത്തിലെ എം. പി.മാരെക്കൊണ്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുവാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എയർപോർട്ടിന്റെ നിർമ്മാണഘട്ടത്തിലും മറ്റു പല സന്ദർഭങ്ങളിലും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെയും വ്യോമയാന വകുപ്പിന്റെയും വിദഗ്ദ്ധ സംഘങ്ങൾ എയർപോർട്ടിന്റെ സാങ്കേതിക നിലവാരത്തെക്കുറിച്ചുള്ള പരിശോധനകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly